സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

# കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജ്

# ഭൂമി ഏറ്റെടുക്കൽ പദ്ധതി.

കരട് റിപ്പോർട്ട്


എസ്. ഐ. എ. സ്റ്റഡി യൂണിറ്റ്

ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്)

തിരുവനന്തപുരം


11-07-2024

**ഉള്ളടക്കം**


## അദ്ധ്യായം - 1 സംഗ്രഹം

1.1 ആമുഖം

1.2 സ്ഥാനം

1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4 ബദൽ സാദ്ധ്യതകൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

## അദ്ധ്യായം - 2 വിശദമായ പദ്ധതി വിവരണം

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3 പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6 അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

2.7 തൊഴിലാളികളുടെ ആവശ്യകത

2.8 മുൻപ് നടത്തിയ പഠനങ്ങൾ

2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

## അദ്ധ്യായം - 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

3.1 പശ്ചാത്തലം

3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3 എസ്. ഐ. എ. സ്റ്റഡി ടീം

3.4 ദ്വിതീയ വിവരശേഖരണം

3.5 പദ്ധതിപ്രദേശ സന്ദർശനവും വിവരണങ്ങൾ നൽകലും

3.6 സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരണശേഖരണം

3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

3.8 സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

## അദ്ധ്യായം - 4 ഭൂമി തിട്ടപ്പെടുത്തൽ

4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

4.5 ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

4.6 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

## അദ്ധ്യായം - 5 മൂല്യ നിർണ്ണയവും വിശകലനവും

5.1 ആമുഖം

5.2 പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നഒക്കെ

5.3 പരോക്ഷമായി ബാധിക്കപ്പെടുന്നഒക്കെ

5.4 ബാധിത കുടുംബങ്ങൾ

5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

## അദ്ധ്യായം - 6 സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

## അദ്ധ്യായം - 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

7.3 ആഘാത ബാധിതരുടെ തരം

7.4 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

7.5 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

7.6 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

## അദ്ധ്യായം - 8 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

## അദ്ധ്യായം - 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

## അദ്ധ്യായം - 10 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി നിരീക്ഷണവും അവലോകനവും

## അദ്ധ്യായം - 11 വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും

## ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

11.1 പ്രധാന കണ്ടെത്തലുകൾ

11.2 എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

**അദ്ധ്യായം - 1**

## സംഗ്രഹം

# കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജ് ഭൂമി ഏറ്റെടുക്കൽ പദ്ധതി.

### 1.1. ആമുഖം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കാഞ്ഞിരംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ാം ഭാഗത്തിൽ ഉൾപ്പെട്ട 1.6512 ഹെക്ടർ (5.15acre) ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്.

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കാഞ്ഞിരംകുളം വില്ലേജിൽ ഉൾപ്പെട്ട, കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജിന് ചുറ്റുമുള്ള സ്വകാര്യവ്യക്തിക ളുടെ ഭൂമിയാണ് പദ്ധതി പ്രദേശം.

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നു. തലസ്ഥാന നഗരത്തിലെ ജനബാഹുല്യം നിറഞ്ഞ പ്രശസ്തമായ ഒരു പ്രദേശമാണ് കാഞ്ഞിരംകുളം. ഈ പ്രദേശത്തുകൂടി വിഴിഞ്ഞം, നെയ്യാറ്റിൻകര, കോവളം, പൂവ്വാർ എന്നി ങ്ങനെ നഗരഹൃദയത്തിന്റെ തിരക്കേറിയ പ്രധാന പ്രദേശത്തേയ്ക്ക് എത്തിച്ചേരാൻ കഴിയുന്ന താണ്. പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ പൂവ്വാർ കടൽതീരം, കോവളം കടൽ തീരം, വിഴിഞ്ഞം ഇന്റർനേഷണൽ സീപോർട്ട് എന്നിവ പദ്ധതി പ്രദേശത്തെ ചുറ്റപ്പെട്ടുകിടക്കുന്നു. 9 കി. മി. യാത്രചെയ്താൽ നെയ്യാറ്റിൻകര റോയിൽവേ സ്റ്റേഷനിൽ എത്തിച്ചേരാൻ കഴിയുന്നതാ ണ്. പദ്ധതി പ്രദേശത്തിനോട് ചേർന്ന് കാഞ്ഞിരംകുളം പോലീസ് സ്റ്റേഷൻ, പഞ്ചായത്ത് ഓഫീ സ്, വില്ലജ് ഓഫീസ്, അഗ്രികൾച്ചറൽ ഓഫീസ് എന്നിവ സ്ഥിതിചെയ്യുന്നു. അതുപോലെ പ്രശ സ്തമായ ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മറ്റ് പ്രധാനപ്പെട്ട പൊതു മേഖല സ്ഥാപനങ്ങളും പദ്ധതിപ്രദേശത്ത് സ്ഥിതിചെയ്യുന്നു.

കേരള തലസ്ഥാന നഗരിയുടെ ഗരിമ കൂട്ടുന്ന കാഞ്ഞിരംകുളം കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജിൽ വിവിധ വിഭാഗങ്ങളിലായി 700

ഓളം വിദ്യാർത്ഥികളും അതോടൊപ്പംതന്നെ 35 ലധികം അദ്ധ്യാപകരും നിലവിലുണ്ട്. 1.65 ഏക്കർ ഭൂമിയാലാണ് ഈ കോളേജ് സ്ഥിതിചെയ്യുന്നത്. സാമ്പത്തികമായും, സാമൂഹികപരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളും ഈ കോളേജിൽ പഠിക്കുന്നുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ യു. ജി. സി. അംഗീകാരമുള്ള കോളേജാണിത്. ഈ കോളേജ് കല, വാണിജ്യം, ശാസ്ത്രം എന്നിവയിൽ വ്യത്യസ്തമായ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നു. 1982 ലാണ് ഈ കോളേജ് സ്ഥാപിതമായത്.

ഇൻഡ്യൻ രാഷ്ട്രീയ രംഗത്തെ പ്രശസ്തനായ കുഞ്ഞുകൃഷ്ണൻ നാടാറുടെ പേരിലുള്ള കോളേജാണിത്. സ്വാതന്ത്ര്യ സമരസേനിയും ജനപ്രതിനിധിയുമായിരുന്ന എം. കുഞ്ഞുകൃഷ്ണൻ നാടാർ, പാറശ്ശാല നിയോജക മണ്ഡലത്തേയും, കോവളം നിയോജക മണ്ഡലത്തെയും പ്രതിനിധീകരിച്ച് കേരള നിയമസഭയിലെത്തിയ വ്യക്തിയായിരുന്നു. കാഞ്ഞിരംകുളം ഗ്രാമപഞ്ചാത്ത് രൂപീകരിച്ചശേഷം മരണംവരെ പ്രസിഡന്റ് സ്ഥാനം വഹിച്ചിരുന്നു. കേരള നാടാർ മഹാജന സംഘം പ്രസിഡന്റ്, ദക്ഷിണേന്ത്യൻ കളരിപ്പയറ്റ് മർമ്മ അസോസിയേഷൻ പ്രസിഡന്റ്, കേരള കരകൗശല ബോർഡ് ചെയർമാൻ എന്നീ നിലയിലും പ്രവർത്തിച്ചിരുന്നു. ജനസേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച അദ്ദേഹത്തിന്റെ സ്മരണാർത്ഥം നിർമ്മിക്കപ്പെട്ട കോളേജിന് വളരെയധികം പ്രധാന്യം കല്പിക്കുന്നു.

വളരെ പരിമിതമായ സ്ഥലത്ത് ചെയ്യുന്ന ഇന്ത്യയിലെ ഏറ്റവും ചെറിയ കോളേജാണിത്. ഇവിടത്തെ വിദ്യാർത്ഥികൾക്ക് പരിശീലനത്തിനാവശ്യമായ കളിസ്ഥലമോ, ഹോസ്റ്റൽ സൗകര്യമോ, സ്ഥലസൗകര്യങ്ങളോ നിലവിലില്ല. അടിസ്ഥാന സൗകര്യ വികസനത്തിനായി കോളേജിന് ചുറ്റുമുള്ള സ്വകാര്യ വ്യക്തികളുടെ 5 ഏക്കർ സ്ഥലം ഏറ്റെടുത്ത് മേൽപറഞ്ഞ സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനാണ്.

## 1.2 **സ്ഥാനം**

2 തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കാഞ്ഞിരംകുളം വില്ലേജിൽ ഉൾപ്പെട്ട, കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജിന് ചുറ്റുമുള്ള സ്വകാര്യവ്യക്തികളുടെ ഭൂമിയാണ് പദ്ധതി പ്രദേശം.

## 2.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജ് ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കായി നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര താലൂക്കിൽ കാഞ്ഞിരംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ാം ഭാഗത്തിൽ ഉൾപ്പെട്ട 1.6512 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്. ഏറ്റെടുക്കേണ്ടതായ വസ്തുക്കൾ സ്വകാര്യവ്യക്തികളുടേതാണ്.

## 2.3 ബദൽ സാദ്ധ്യതകൾ

ഈ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ 13 വീടുകൾ പൂർണ്ണമായും ആഘാതബാധിത മാകുന്നു. ഈ പദ്ധതി പ്രദേശത്തുൾപ്പെട്ട സ്വകാര്യ വ്യക്തികളുടെ കുടുംബങ്ങളെ പൂർണ്ണമായും മാറ്റി പാർപ്പിക്കേണ്ടിവരുന്നു. ഇവരുടെ പുനരധിവാസം സർക്കാർ നൽകുന്ന നഷ്ടപരിഹാരതു കകൊണ്ട് മാത്രം പരിഹരിക്കാവുന്നതല്ല. പാരമ്പര്യമായി ലഭിച്ച വീട്, പുരയിടങ്ങൾ, പഴക്കമേ റിയ മരങ്ങൾ എന്നിവ നഷ്ടപ്പെടുന്നവരുടെ ആശങ്കകൾ എസ്. ഐ.എ. സ്റ്റഡി ടീം വിശദമായി ചർച്ചചെയ്ത് ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. ഓൺ അലൈൻമെന്റ് അല്ലാതെ വേറെ യാതൊരു അലൈൻമെന്റിലൂടെയും പദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

## 2.4 സാമൂഹ്യ പ്രത്യാഘാതങ്ങൾ

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠനത്തിന്റെ പ്രധാന ചുമതല എന്നത് പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് വളരെ കൃത്യമായി രേഖപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി, സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കുവാനും, അവ നടപ്പിലാക്കുവാനും ഈ പഠനം വളരെ പ്രയോജനപ്രദമാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽമൂലം 33 സർവ്വേ നമ്പ രുകളിൽപ്പെട്ട 26 വ്യക്തികളെയും നേരിട്ട് ബാധിക്കുന്നു. കൂടാതെ റോഡ് അഭിമുഖീകരിച്ച് വരുന്ന പുരയിടങ്ങൾ, വളരെയധികം കായ്ഫലം ഉള്ള മരങ്ങൾ, കിണറുകൾ, ചുറ്റുമതിൽ, വാസ സ്ഥലം എന്നിവ പൂർണ്ണമായും ഭാഗികമായും ആഘാതബാധികമാകുന്നു.

## 2.5 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠനത്തോടൊപ്പം പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങൾകൂടി എസ്. ഐ.എ സ്റ്റഡി യൂണിറ്റ് പഠനവിധേയമാക്കി യിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിയോടനുബന്ധിച്ച് വിവിധതരം സാമൂഹ്യ പ്രത്യാഘാതങ്ങളെ പ്രത്യാഘാതത്തിന്റെ തരം, സ്ഥിതിവിവരം, ലഘൂകരണ മാർഗ്ഗങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

| നമ്പർ | പ്രത്യാഘാത ത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടു ന്നത് | 26 ഭൂഉടമകളുടെ ഭൂമി പ്രത്യക്ഷ മായി ബാധിക്കപ്പെടുന്നു | 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാര ത്തിനും പുനഃസ്ഥാപനത്തി നുമായി അവകാശനിയമ ങ്ങളും ചട്ടങ്ങളുമനുസരിച്ച് |
| 2 | ഉൽപ്പാദനക്ഷമ മായ ആസ്തികൾ നഷ്ടപ്പെടുന്നു | കായ്ഫലമുള്ള മരങ്ങൽ വൻതോ തിൽ നഷ്ടപ്പെടുന്നു. | |
| 3. | പൊതു ഉപയോഗ മുതൽ നഷ്ടപ്പെടു ന്നത് | വൈവദ്യുത പോസ്റ്റുകൾ, ജലവി തരണം, ജലമാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, പൊതു കുടിവെള്ള സ്രോതസ്സുകൾ മുതലായവ. | നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം പുനഃസ്ഥാപനവും നടത്തേ ണ്ടതാണ്. |

## അദ്ധ്യായം - 2

## വിശദമായ പദ്ധതി വിവരണം

### 2.1 പദ്ധതിയുടെ പശ്ചാത്തലം

തിരുവനന്തപുരം നഗരത്തോട് അടുത്ത പ്രദേശമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ കാഞ്ഞിരംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ാം ഭാഗത്തിൽ ഉൾപ്പെട്ട 1.6512 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്.

ടി പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പ്രസ്തുത പ്രദേശത്തിന്റെയും. കെ. എൻ. എം. കോളേജിന്റെയും മുഖച്ഛായതന്നെ മാറ്റിമറിക്കാൻ പോന്നതാണ് ഈ ഭൂമി ഏറ്റെടുക്കൽ പദ്ധതി.

### 2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നവിധം

തിരുവനന്തപുരം ജില്ലയിൽ കാഞ്ഞിരംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ാം ഭാഗത്തിൽ ഉൾപ്പെട്ട പ്രദേശമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജ് ഭൂമി ഏറ്റെടുക്കൽ പദ്ധതി പ്രായോഗികമാക്കുന്നതുകൊണ്ട് തദ്ദേശവാസികൾക്കും കോളേജിനും കൂടാതെ മറ്റുള്ളവർക്കും വിദ്യാഭ്യാസപരമായും, സാമ്പത്തികമായും, സാംസ്കാരികമായും, സാമൂഹ്യപര വുമായുള്ള നേട്ടങ്ങളുണ്ടാകും.

### 2.3 പദ്ധതിയുടെ വലിപ്പം, സ്ഥാനം എന്നിവ

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ, കാഞ്ഞിരംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ാം ഭാഗത്തിൽ ഉൾപ്പെട്ട 1.6512 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്.

## 2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതോടുകൂടി കാഞ്ഞിരംകുളം പദ്ധതി പ്രദേശങ്ങളിൽ നിന്നും ഒഴിപ്പിക്കപ്പെടുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കേണ്ടതും, അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കേണ്ടതുമാണ്.

## 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

നിർദ്ദിഷ്ട പദ്ധതിയുടെ നിർവഹണത്തിനായി കാഞ്ഞിരംകുളം വില്ലേജിൽ ഉൾപ്പെട്ട 5.15 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഈ പദ്ധതി നിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്നത് റവന്യു ഡിപ്പാർട്ട്മെന്റ് ആണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം പര്യാപ്തമായ രീതിയിൽ സ്ഥാപിക്കേണ്ടതാണ്.

## 2.6 അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

പദ്ധതിയുടെ നിർമ്മാണത്തിൽ അനുബന്ധമായി അനുയോജ്യമായ ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയാൽ നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും കഴിയും.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതിയുടെ പ്രാധാന്യം വിലയിരുത്തിക്കൊണ്ട് പ്രവർത്തനം വേഗത്തിൽ നടത്തുവാൻ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. തൊഴിലാളികൾ മുതൽ പദ്ധതി പൂർത്തീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും മാനവശേഷിയുടെ വിന്യാസവും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിനുവേണ്ടി അത്യാധുനികമായ ഉപകരണങ്ങളും, വൈദഗ്ധ്യ തൊഴിലാളികളും അത്യന്താപേക്ഷിതമാണ്.

## 2.8 മുൻപ് നടത്തിയ പഠനങ്ങൾ

കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജ് ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻപഠനങ്ങൾ ഒന്നുംതന്നെ നടന്നതായി എസ്. ഐ.എ. സ്റ്റഡി യൂണിറ്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. ഐ. ആർ. ഡി. എന്ന സ്ഥാപനം നടത്തിയതുമാത്രമാണ് ഇത്തരത്തിൽ ആദ്യ ത്തേതും പൂർണ്ണവുമായ ഒരേയൊരു പഠനം.

## 2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനഃസ്ഥാപനം എന്നീ പ്രക്രിയകളിൽ താഴെപറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്ന താണ്.

1. 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാ ര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശത്തിനും.
2. 2015-ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യത യ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ.
3. 17-10-2015-ലെ 36253 ബി1/2014 ആർ. ഡി. നമ്പർ സർക്കാർ പരിപത്രം.
4. തുടർന്നുള്ള സർക്കക്കാർ വിജ്ഞാപനങ്ങളും, ഉത്തരവുകളും.
5. അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ.

## അദ്ധ്യായം - 3

## സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

### 3.1 പശ്ചാത്തലം

# കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജ് ഭൂമി ഏറ്റെടുക്കൽ പദ്ധതി

ടി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ബഹു: ജില്ലാഭരണകൂടം 2024 മാർച്ച് 19 ലെ 1058-ാം നമ്പർ അസാധാരണ ഗസറ്റിലൂടെ ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ കാരണം ആഘാതം നേരിടേണ്ടിവരുന്ന ഭൂഉടമകളുടെയും, കെട്ടിട ഉടമകളുടെയും, കുടുംബങ്ങളുടയെും, കണക്കെടുപ്പ്, സാമൂഹികാഘാതം കണക്കാക്കൽ എന്നിവയാണ് എസ്. ഐ.എ. സ്റ്റഡിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഠനപ്രക്രിയയുടെ മുന്നോടിയായി എസ്. ഐ.എ. സ്റ്റഡി ടീം അംഗങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കാണുകയും അവർ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തു. തുടർന്ന് എസ്. ഐ. എ. സ്റ്റഡി ആരംഭിക്കുന്നതിനായി പദ്ധതി പ്രദേശത്തിന്റെ അലൈൻമെന്റ് കോപ്പി, ഗസറ്റ് നോട്ടിഫിക്കേഷൻ, പദ്ധതി പ്രദേശം കാണിച്ചുതരുന്നതിന് എൽ. എ. കളക്ട്രേറ്റിൽ നിന്നും വാല്യുയേഷൻ അസിസ്റ്റന്റ് എസ്. ഐ. എ. സ്റ്റഡി ടീമിനോടൊപ്പം പദ്ധതി പ്രദേശം സന്ദർശിക്കുകയും തുടർന്ന് എസ്. ഐ. എ. സ്റ്റഡി ടീം പഠനപ്രക്രിയ ആരംഭിക്കുകയും ചെയ്തു. പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട കോളേജ് അധികൃതർ, വ്യക്തികൾ, കുടുംബങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാത ബാധിതരായ വ്യക്തികൾ, കോളേജ് അധികൃതർ, കുടുംബങ്ങൾ എന്നിവരെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രിതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് (Focal Group Discussion) വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുകയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തികവുമായ സുസ്ഥിരതയ്ക്കും ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹിക പ്രത്യാഘാത പഠനവിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽകണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

- പദ്ധതിയുടെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കോളേജ് അധികൃതർ, ആഘാതബാധിതർ, പൊതുപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയ വിനിമയങ്ങളും.
- 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക.
- വ്യത്യസ്ത തലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണം.
- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠനവിധേയമാക്കൽ.
- പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായും, ജനപ്രതിനിധികളുമായും, കോളേജ് അധികൃതർ, പ്രദേശത്തെ സാമൂഹിക സാംസ്കാരിക പ്രവർത്തകരുമായുള്ള ആശയവിനിമയം.
- ആഘാതബാധിതരായ വ്യക്തികളുടയെും, കുടുംബങ്ങളുടയെും, വസ്തുവകകളുടെയും കണക്കെടുപ്പും വിവരശേഖരണവും.
- സാമൂഹിക-സാമ്പത്തിക സ്ഥിതിവിവരങ്ങളുടെ വിശകലനം.

❖ പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള ചർച്ചയും അഭിപ്രായ സ്വരൂപണങ്ങളും.

❖ പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുള്ള അഭിമുഖങ്ങളും ചർച്ചയും.

❖ സാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.

### 3.3 എസ്. ഐ. എ. സ്റ്റഡി ടീം

എസ്. ഐ. എ. സ്റ്റഡി ടീം അംഗങ്ങളായ ശ്രീമതി. ഹരിത യു. എച്ച്, ശ്രീമതി ശ്രീജ .വി, നേതൃത്വം വഹിക്കുന്ന സ്റ്റഡി ടീം സെൻസസ് രീതിയിലുള്ള സർവ്വെയിലൂടെ വിവരശേഖരണം, ഏകോപനം എന്നിവ നടത്തി റിപ്പോർട്ട് തയ്യാറാക്കി. കഴിഞ്ഞ 25 വർഷത്തിലധികമായി സാമൂഹിക പ്രവർത്തന രംഗത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്ന ഐ. ആർ. ഡി. എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് ഡയറക്ടർ ശ്രീ. സി. ബാലചന്ദ്രനാണ് എസ്. ഐ. എ. സ്റ്റഡി ടീമിനെ നയിക്കുന്നത്.

| പേര് | പ്രൊഫൈൽ | നിയോഗിച്ചിട്ടുള്ള ചുമതലകൾ |
|---|---|---|
| സി. ബാലചന്ദ്രൻ | പ്രോജക്ട് ഡയറക്ടർ | പദ്ധതി തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ |
| ലതിക .എൻ | പ്രോജക്ട് സെക്രട്ടറി | കരട് റിപ്പോർട്ട്, വെബ്സൈറ്റ് പ്രസിദ്ധികരിക്കൽ |
| ഹരിത യു. എസ് | പ്രോജക്ട് കോ-ഓർഡിനേറ്റർ | സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കൽ, കളക്ട്രേറ്റിൽനിന്നും ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ആധികാരിക രേഖകൾ ശേഖരിക്കൽ |
| ശ്രീജ .വി | പ്രോജക്ട് കോ-ഓർഡിനേറ്റർ | പ്രാഥമിക വിവരശേഖരണവും ക്രോഡീകരണവും, പൊതുജന സമ്പർക്ക യോഗ റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ |
| ശൈലജകുമാരി.എസ് | | ഡോക്യുമെന്റേഷൻ |

### 3.4 ദ്വിതീയ വിവരശേഖരണം

കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജ് ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ട ഭൂമിയിലെ ആൾക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീയ വിവരങ്ങൾ

ഓരോ വ്യക്തികളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ പലപ്രാവശ്യം ചർച്ചചെയ്യുകയും ആഘാത ബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്നു ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വീതീയ വിവരങ്ങൾ.

## 3.5 പദ്ധതിപ്രദേശ സന്ദർശനവും വിവരണങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാതപഠന വിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാസ്ഥിതി വിവര ശേഖരണത്തിൽ ഏതാനും പേരിൽ നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും, അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണമായ തോതിൽ ഉള്ള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും നേരിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2024 ജൂൺ മാസം അന്തിമമായി പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## 3.6 സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരണശേഖരണം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കാഞ്ഞിരംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ാം ഭാഗത്തിൽ ഉൾപ്പെട്ടതാണ് നിർദ്ദിഷ്ടപദ്ധതി. പ്രാദേശിക തലത്തിൽ സാമൂഹിക, സാമ്പത്തിക സ്ഥിതി വിവര ശേഖരണം നടത്തുന്നതിനു മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടെയും, കുടുംബങ്ങളുടയെും, സ്ഥാപനങ്ങളുടെ ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ ഭൂവിസ്തൃതി, സർവ്വെ നമ്പർ,

തണ്ടപ്പേര് നമ്പർ എന്നിങ്ങനെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട കാഞ്ഞിരംകുളം വില്ലേജ് ഓഫീസിൽ നിന്നും ശേഖരിച്ചു. മേൽ സൂചിപ്പിച്ച രേഖകൾ അടങ്ങിയ വിവരങ്ങൾ നൽകുന്നതിന് ഈ വില്ലേജിലെ വില്ലേജ് ഓഫീസറും സഹപ്രവർത്തകരും സഹകരിക്കുകയും പ്രസ്തുത രേഖകൾ തരുകയും ചെയ്തു. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം പ്രാദേശിക തലത്തിൽ സാമൂഹിക, സാമ്പത്തിക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിച്ചു. ആഘാതബാധിതരായ വ്യക്തികളെ നേരിട്ടുകണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

## 3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

പദ്ധതി പ്രദേശത്ത് നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

## 3.8 സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും വ്യത്യസ്ഥ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തു. അവ സാമൂഹ്യ പ്രത്യാഘാത പഠന വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

# അദ്ധ്യായം - 4

# ഭൂനിർണ്ണയം

## ആമുഖം

നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ മുഴുവൻ വ്യക്തികളുടെയും പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നവരുടെയും സാമൂഹിക സാമ്പത്തിക സ്ഥിതിവിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവൃത്തികൾ ജൂൺ മാസം ആദ്യം പൂർത്തീകരിക്കുകയും ആഘാതബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും ജീവനോപാധിയും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സാമൂഹിക സ്ഥിതിവിവര കണക്കെടുപ്പ് സഹായകമായി.

## 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം


പദ്ധതിക്കായി മൊത്തം 1.6512 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 26 സ്വകാര്യ വ്യക്തികളുടെ ഭൂമിയാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി നടപ്പിൽ വരുന്നതിലൂടെ ആഘാതബാധിതരുടെ വാസസ്ഥലങ്ങളും വൻതോതിൽ മരങ്ങൾ എന്നിവയ്ക്ക് ആഘാതമേൽക്കുന്നു.

## 4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

## 4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

കാഞ്ഞിരംകുളം കെ.എൻ. എം. സർക്കാർ കോളേജ് ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കുവേണ്ടി കാഞ്ഞിരംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ാം ഭാഗത്തിൽ ഉൾപ്പെട്ട 1.6512 ഹെക്ടർ (5.15 ഏക്കർ) ഭൂമിയാണ് ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതി പ്രദേശത്ത് സ്വകാര്യ വ്യക്തികളുടേ സ്ഥലമാണ് ഏറ്റെടുക്കേണ്ടിവരുന്നത്.

| Land Ownership | Count | Percentage |
|---|---|---|
| Private | 33 | 97 |




## 4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

പൊതുസ്ഥലങ്ങൾ പദ്ധതിപ്രദേശത്ത് ഇൾപ്പെടുന്നില്ല.

## 4.5. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി

. നിർദ്ദിഷ്ട പദ്ധതിക്കായി നിലവിൽ ഭൂമി ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

## 4.6 **ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്കായി കാഞ്ഞിരംകുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ാം ഭഗസത്തിൽ ഉൾപ്പെട്ട 1.6512 ഹെക്ടർ (5.15 ഏക്കർ) ഭൂമിയാണ് ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്.

പൂർണ്ണമായും സ്വകാര്യ ഉടമകളുടെ വകയിലുള്ള ഭൂമിയുമാണ്.

അതിൽ ഉൾപ്പെടുന്ന വാസഗൃഹങ്ങൾ, മരങ്ങൾ എന്നിവയെ പദ്ധതി ബാധിക്കുന്നുണ്ട്. തരം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.

| ക്രമനമ്പർ | കൈവശക്കാരന്റെ പേര് | മരങ്ങളുടെ എണ്ണം |
|---|---|---|
| 1 | ആര്യ എസ്. അജി | തെങ്ങ് 25, ആഞ്ഞിലി 2, പ്ലാവ് 4 |
| 2 | പ്രസന്നകുമാരി | അക്കേഷ്യ 3, തെങ്ങ് 29, ആഞ്ഞിലി 10 |
| 3 | ജി. ശശി | തെങ്ങ് 3, പ്ലാവ് 2 |
| 4 | രാമചന്ദ്രൻ, വേലമ്മ | തെങ്ങ് 3, ആത്തി 1, മഹാഗണി 2 |
| 5 | ശ്രീകുമാർ .ആർ<br>ബിന്ദു ആർ | തെങ്ങ് 4, ചീലാന്തി 1, പ്ലാവ് 1 |
| 6 | എ. പി. സുധീർ<br>സ്മിത കെ. എസ് | തെങ്ങ് 34, മാവ് 4, വയണ 1, കുരുമുളക് 11, പ്ലാവ് 5, അയണി 1, ജാതി 5, ചീലാന്തി 7 |
| 7 | സജു .പി | പ്ലാവ് 4, തെങ്ങ്5, മഹാഗണി 1, ഇലഞ്ഞി 2 |
| 8 | ഗോപകുമാർ .ജി | തെങ്ങ് 3, ചീലാന്തി 1, പ്ലാവ് 1, മഹാഗണി 1 |
| 9 | ശിവപ്രസാദ് | തെങ്ങ് 7, മഹാഗണി 5, കവുങ്ങ് 8, പ്ലാവ് 3, മുള 10 |
| 10 | ശിവലാൽ .എം. എസ് | തെങ്ങ് 12, പ്ലാവ് 3, ചീലാന്തി 4, ആഞ്ഞിലി 1 |
| 11 | പ്രശാന്ത് .ആർ | തെങ്ങ് 56, പെരുമരം 8, തേക്ക് 1, അയണി 22, മാവ് 6, മഹാഗണി 12, പ്ലാവ് 8, വാഗ 1, വേപ്പ് 1, ചീലാന്തി 2 |
| 12 | മനുമോഹൻ<br>എം. എസ്. ശിവകല | തെങ്ങ് 5, ചീലാന്തി 5, അയണി 1, പ്ലാവ് 2 |
| 13 | ബൈജു .പി. | തെങ്ങ് 2, പ്ലാവ് 1 |
| 14 | ഷാലിഷ്<br>സുബിത | തെങ്ങ് 27, മാവ് 3, പ്ലാവ് 3, ജാതി 9, കുരുമുളക് 25, വാനില 3, വയണ 2, താരഭം, 2 |
| 15 | ശിവകല എം. എസ് | തെങ്ങ് 5, ചീലാന്തി 2, അയണി 1 |

| | | |
|---|---|---|
| 16 | മേരി അനിത | തെങ്ങ് 6, മഹാഗണി 1, ചാലാന്തി 1, മാവ് 1, പ്ലാവ് 1 |
| 17 | പി. ബൈജു<br>ഷീന കെ. സി. | തേക്ക് 1, തെങ്ങ് 3, പ്ലാവ് 1, പെരുമരം 1, ആഞ്ഞിലി 2, കാഞ്ഞിരം 1 |
| 18 | കുട്ടപ്പൻഅമ്പിളി | തെങ്ങ് 1, മഹാഗണി 3, അയണി 1 |
| 19 | ജ്യോതിരാജ്<br>സുനിത | ആഞ്ഞിലി 10, പ്ലാവ് 3, ജാതി 6, കവുങ്ങ് 9, കുരുമുളക് 22, ചീലാന്തി 1, തേക്ക് 2, മാവ് 2, തെങ്ങ് 7 |
| 20 | രാജേശ്വരി | തെങ്ങ് 1, മഹാഗണി 6, ആഞ്ഞിലി 2, പ്ലാവ് 1, കവുങ്ങ് 2 |
| 21 | കൃഷ്ണൻ .സി | തെങ്ങ് 2, ആഞ്ഞിലി 1, പ്ലാവ് 3 |
| 22 | രാജൻ .കെ | മഹാഗണി 4, തെങ്ങ് 8 |

## 4.7 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഭൂഉടമകളിൽ ഭൂരിഭാഗവും പാരമ്പര്യമായി കൈമാറ്റം ചെയ്ത ഭൂമി കൈവശ അവകാശമായി അനുഭവിച്ചു വരുന്നവരാണ്.

### അദ്ധ്യായം - 5

# മൂല്യ നിർണ്ണയവും വിശകലനവും

## 5.1 ആമുഖം

ഭൂമി ഏറ്റെടുക്കൽമൂലം ഭൂ ഉടമകൾക്ക് പ്രത്യക്ഷവും പരോക്ഷവുമായുണ്ടാകുന്ന നഷ്ടങ്ങളുടെ കണക്കെടുപ്പിനെയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഇവരുടെ വീടും, വസ്തുക്കളും മറ്റും ഏറ്റെടുക്കുന്നതോടുകൂടി മറ്റു പ്രദേശങ്ങളിൽ മാറി താമസിക്കേണ്ടി വരുന്നു

## 5.2 പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്

പദ്ധതി നടപ്പിലാക്കുന്നതോടുകൂടി 26 വ്യക്തികളെയും നേരിട്ട് ബാധിക്കുന്നു. കൂടാതെ റോഡ് അഭിമുഖീകരിച്ച് വരുന്ന പുരയിടങ്ങൾ, വളരെയധികം കായ്ഫലം ഉള്ള മരങ്ങൾ, കിണറുകൾ, ചുറ്റുമതിൽ, 13 കുടുംബങ്ങളുടെ വീട് പൂർണ്ണമായും നഷ്ടപ്പെടുന്നു.

## 5.3 പരോക്ഷമായി ബാധിക്കപ്പെടുന്നത്

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ പ്രത്യാഘാതം പരോക്ഷമായി ഭൂഉടമകളെ ബാധിക്കുന്നു.

## 5.4 ബാധിത കുടുംബങ്ങൾ

13 വ്യക്തികളുടെ വാസഗൃഹം പൂർണ്ണമായും നഷ്ടപ്പെടുന്നു. കായ്ഫലം ഉള്ള മരങ്ങൾ നഷ്ടപ്പെടുന്നു.

ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

| ക്രമനമ്പർ | ഉടമകളുടെ പേര് | പൂർണ്ണമായി/ഭാഗികമായി | സർവ്വേ നമ്പർ തണ്ടപ്പേര് | വില്ലേജ് |
|---|---|---|---|---|
| 1 | ശിവലാൽ .എം<br>മൃദുല ഭവൻ<br>കഴുവൂർ ദേശം<br>Ph: 9961128853 | പൂർണ്ണമായി | 197/1-2<br>25109 | കാഞ്ഞിരംകുളം |
| 2 | സി. രാമചന്ദ്രൻ<br>പി. വേലമ്മ<br>കല്ലുവിള വീട്,<br>കഴുവൂർ ദേശം<br>Ph: 9747135120 | പൂർണ്ണമായി | 197/11<br>2753 | കാഞ്ഞിരംകുളം |
| 3 | ശ്രീകുമാർ<br>ബിന്ദു<br>പുത്തൻ വീട്<br>കഴുവൂർ ദേശം<br>Ph: 9747135120 | പൂർണ്ണമായി | 197/11-1<br>19527 | കാഞ്ഞിരംകുളം |
| 4 | ഗോപകുമാർ<br>ബേബി<br>കല്ലുവിള വീട്<br>കഴുവൂർ ദേശം<br>Ph: 8086264629 | പൂർണ്ണമായി | 197/12<br>2724 | കാഞ്ഞിരംകുളം |
| 5 | ശിവപ്രസാദ്<br>കല്ലുവിള<br>കഴുവൂർ ദേശം<br>Ph: 8921267131 | പൂർണ്ണമായി | 197/13-2<br>25108 | കാഞ്ഞിരംകുളം |
| 6 | ശിവലാൽ<br>കല്ലുവിള<br>കഴുവൂർ ദേശം<br>Ph: 9961128853 | പൂർണ്ണമായി | 197/13-3<br>25109 | കാഞ്ഞിരംകുളം |
| 7 | മനുമോഹൻ<br>ശിവകല എം. എസ്<br>മൃദുല ഭവൻ<br>കഴുവൂർ ദേശം<br>Ph: 9496816625 | പൂർണ്ണമായി | 197/23<br>18603 | കാഞ്ഞിരംകുളം |
| 8 | എം. വി. സുധീർ<br>കെ. എസ്. സ്മിത<br>കല്ലുവിള പുത്തൻവീട്ടിൽ<br>കഴുവൂർ ദേശം<br>Ph: 9745911230 | പൂർണ്ണമായി | 198/2<br>16195 | കാഞ്ഞിരംകുളം |

| | | | | |
|---|---|---|---|---|
| 9 | പ്രശാന്ത് ആർ. എസ്<br>സിതാര<br>വിളയിൽവീട്<br>Ph: 9446385745 | പൂർണ്ണമായി | 198/3<br>198/8<br>11980 | കാഞ്ഞിരംകുളം |
| 10 | ആഷാദ്<br>സൗമ്യ . വി<br>പുനക്കാട്<br>Ph: 9895599654<br>9400468738 | പൂർണ്ണമായി | 198/4-1<br>27284 | കാഞ്ഞിരംകുളം |
| 11 | അജീഷ് കുമാർ<br>കല്ലുവിള പുത്തൻവീട്<br>Ph: 9633156100 | പൂർണ്ണമായി | 197/14-1<br>23991 | കാഞ്ഞിരംകുളം |
| 12 | ബൈജു .പി<br>കല്ലുവിള<br>Ph: 9496449630 | പൂർണ്ണമായി | 215/24<br>21430 | കാഞ്ഞിരംകുളം |
| 13 | സജു .പി<br>കല്ലുവിള പുത്തൻവീട്<br>Ph: 9746009630 | പൂർണ്ണമായി | 215/25-1<br>22076 | കാഞ്ഞിരംകുളം |

## 5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂഉടമകളുടെ താമസ സൗകര്യം പൂർണ്ണമായും നഷ്ട പ്പെടുന്നു.

അധികമായി ലഭിച്ച വിവരങ്ങൾ

## അദ്ധ്യായം - 6

## സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 26 സ്വകാര്യ ഭൂഉടമകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുമാണുള്ളത്. സ്വകാര്യവ്യക്തികളെല്ലാം തന്നെ വിവിധ ജാതിമതങ്ങളിൽ ഉൾപ്പെട്ടവരും ഭൂഉടമകൾ എ. പി. എൽ., ബി. പി. എൽ., വിഭാഗത്തിലും ഉൾപ്പെട്ടവരുമാണ്.

| Sr. No. | Name & Address with Phone | Village | APL | BPL |
|---|---|---|---|---|
| 1 | ജി. ശശി<br>കല്ലുവിള, മൃദുല ഭവൻ, കഴുവൂർ ദേശം<br>Ph: 8086640855 | കാഞ്ഞിരംകുളം | APL | |
| 2 | ശിവകല .എം. എസ്<br>മൃദുല ഭവൻ, കഴുവൂർ ദേശം<br>Ph: 9496816625 | കാഞ്ഞിരംകുളം | | BPL |
| 3 | മനുമോഹൻ<br>ശിവകല എം. എസ്<br>മൃദുല ഭവൻ , കഴുവൂർ ദേശം<br>Ph: 9496816625 | കാഞ്ഞിരംകുളം | | BPL |
| 4 | ശിവലാൽ .എം. എസ്<br>മൃദുല ഭവൻ, കല്ലുവിള, കഴിവൂർ ദേശം<br>Ph: 9961128853 | കാഞ്ഞിരംകുളം | APL | |
| 5 | രാജൻ .കെ<br>കിഴക്കതിൽ പുത്തൻവീട്<br>കഴിവൂർ ദേശം<br>Ph: 9633345750 | കാഞ്ഞിരംകുളം | | BPL |
| 6 | സി. രാമചന്ദ്രൻ<br>പി. വൽസമ്മ<br>കല്ലുവിള വീട്, കഴുവൂർ ദേശം<br>Ph: 9747135120 | കാഞ്ഞിരംകുളം | | BPL |
| 7 | ശ്രീകുമാർ<br>ബിന്ദു<br>കല്ലുവിള വീട്, കഴുവൂർ ദേശം<br>Ph: 9526327843 | കാഞ്ഞിരംകുളം | | BPL |
| 8 | ഗോപകുമാർ<br>ബേബി | കാഞ്ഞിരംകുളം | | BPL |

| | | | | |
|---|---|---|---|---|
| | കല്ലുവിള വീട്, കഴുവൂർ ദേശം<br>Ph: 8086264629 | | | |
| 9 | സി. മൃദുലാദേവി<br>കല്ലുവിള വീട്, കഴുവൂർ ദേശം<br>Ph: 8086640855 | കാഞ്ഞിരംകുളം | APL | |
| 10 | ശിവപ്രസാദ്. എം. എസ്<br>മൃദുല ഭാവൻ<br>കല്ലുവിള , കഴുവൂർ ദേശം<br>Ph: 8921267131 | കാഞ്ഞിരംകുളം | APL | |
| 11 | എ. പി. സുധീർ<br>കെ. എസ്. സ്മിത<br>കല്ലുവിള പുത്തൻവീട്ടിൽ<br>കഴുവൂർ ദേശം<br>Ph: 9061799393 | കാഞ്ഞിരംകുളം | APL | |
| 12 | എസ്. എൽ. ഷാലിഷ് പ്രേം<br>കെ. എസ്. സുബിത<br>തേരിവിള പുത്തൻവീട്<br>Ph: 9061799393 | കാഞ്ഞിരംകുളം | APL | |
| 13 | പ്രശാന്ത് ആർ. എസ്<br>സിതാര<br>വിളയിൽവീട്<br>Ph: 9446385745 | കാഞ്ഞിരംകുളം | APL | |
| 14 | ശ്രീനിവാസൻ<br>വിൽഫ്രഡ് ജോൺ<br>ശ്രീ ഭഗീരധം, ചിറയിൻകീഴ്<br>Ph: 9946988717<br>9400468738 | കാഞ്ഞിരംകുളം | APL | |
| 15 | ആഷാദ്<br>സൗമ്യ . വി<br>പുനക്കാട്, തിരുപുറം<br>Ph: 9895599654<br>9400468738 | കാഞ്ഞിരംകുളം | APL | |
| 16 | പ്രസന്നകുമാരി<br>രാജ് നിവാസ്<br>തടത്തികുളം<br>Ph: 9447401734 | കാഞ്ഞിരംകുളം | APL | |
| 17 | ജ്യോതിരാജ് .കെ<br>സുനിത<br>കല്ലുവിള പുത്തൻവീട്<br>Ph: 9496429539<br>6238607802 | കാഞ്ഞിരംകുളം | APL | |

| | | | | |
|---|---|---|---|---|
| 18 | പി. രാജേശ്വരി<br>കഴുവൂർ ദേശം, ചീനിവിള<br>Ph: 9995478401<br>8848804040 | കാഞ്ഞിരംകുളം | | BPL |
| 19 | ആര്യ എസ്. അജി<br>അജികുമാർ<br>സ്റ്റാർ ഭവൻ, തിരുപുറം.<br>Ph: 9447587528 | കാഞ്ഞിരംകുളം | APL | |
| 20 | മേരി അനിത<br>അലക്സ് ഭവൻ<br>Ph: 7403798787 | കാഞ്ഞിരംകുളം | APL | |
| 21 | കുട്ടപ്പൻ<br>അമ്പിളി . എസ്<br>കല്ലുവിള പുത്തൻ വീട്<br>Ph: 6282988037 | കാഞ്ഞിരംകുളം | APL | |
| 22 | അജീഷ് കുമാർ<br>കല്ലുവിള പുത്തൻവീട്, കാഞ്ഞി രംകുളം<br>Ph: 9633156100 | കാഞ്ഞിരംകുളം | APL | |
| 23 | സി. കൃഷ്ണൻ<br>പൊട്ടക്കുളം വീട്, കഴുവൂർ<br>Ph: 9446176008 | കാഞ്ഞിരംകുളം | | BPL |
| 24 | ബൈജു .പി<br>കല്ലുവിള പുത്തൻവീട്, കഴുവൂർ ദേശം<br>Ph: 9496449630 | കാഞ്ഞിരംകുളം | | BPL |
| 25 | ബൈജു .പി<br>ഷീന .കെ<br>കല്ലുവിള പുത്തൻവീട്, കഴുവൂർ ദേശം<br>Ph: 9496449630 | കാഞ്ഞിരംകുളം | | BPL |
| 26 | സജു .പി<br>കല്ലുവിള പുത്തൻവീട്, കാഞ്ഞി രംകുളം<br>Ph: 9746009630 | കാഞ്ഞിരംകുളം | | BPL |

| No | Social Status | Count |
|---|---|---|
| 1 | APL | 15 |
| 2 | BPL | 11 |

## അദ്ധ്യായം - 7

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

### 7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

കാഞ്ഞിരംകുളം കെ. എൻ. എം. സർക്കാർ കോളേജ് ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ, കുറക്കുന്നതിനോ എസ്. ഐ.എ. സ്റ്റഡി നടത്തുന്നതിലൂടെ, വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറയ്ക്കുവാനും സാധിക്കുന്നു.

### 7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

| നിർമ്മാണത്തിന് മുമ്പ് | നിർമ്മാണഘട്ടം | പ്രവർത്തനഘട്ടം |
|---|---|---|
| ഭൂമി ഏറ്റെടുക്കൽ | വീടുകൾ, പൊളിക്കുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ | |
| നിർമ്മിതികൾ ഏറ്റെടുക്കൽ | പൊളിക്കപ്പെടുന്ന വീടുകളിലെയും, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിലെ സെപ്റ്റിക് ടാങ്കുകളിലെ മാലിന്യങ്ങൾ | പുനർനിർമ്മമ്മിക്കുന്ന ,നിലവിലുള്ളറോഡുകളുടെ പുനസ്ഥാപനത്തിലൂടെ വളരെവേഗംപദ്ധതി നടപ്പിലാക്കാൻ കഴിയുന്നു. |
| | പുറമേ നിന്നുള്ള തൊഴിലാളികളിൽ നിർമ്മാണ പ്രവർത്ത നങ്ങൾക്കായി വരുന്നതിലൂടെ തദ്ദേശീയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും മാലിന്യം, പകർച്ചവ്യാധി എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു. മാലിന്യം, ശുചിത്വമില്ലായ്മ, പകർച്ച വ്യാധികൾ എന്നിവയ്ക്കുള്ള സാധ്യതകൾ. | |
| തൊഴിലാളികളുടെയും പരിസരത്ത് താമസിക്കുന്നവരുടെയും അപകടസാധ്യതകളും സുരക്ഷയും. | | |

## 7.3 ആഘാത ബാധിതരുടെ തരം

1. *പ്രാഥമിക ആഘാത ബാധിതർ*

ഭൂഉടമസ്ഥർ, കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും ഉടമസ്ഥർ

2. *ദ്വിതീയ ആഘാത ബാധിതർ*

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും.

## 7.4 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

1. 23-09-2015-ലെ 485/15/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ചനടത്തി നിലവിലെ കമ്പോളവില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.
2. 29-12-2017-ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക.
3. പദ്ധതി ആസൂത്രണ-നിർവ്വഹണ സമയങ്ങളിൽ സർവ്വേപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

## 7.5 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

ആർ. എഫ്. സി. റ്റി. എൽ. എ. ആർ. ആർ. ആക്റ്റ് അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകുകയും പുനരധിവാസം നടത്തേണ്ടതുമാണ്.

## 7.6 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

| നമ്പർ | പ്രത്യാഘാത ത്തിന്റെ തരം | സ്ഥിതിവിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടു ന്നത് | 26 ഭൂഉടമകളുടെ ഭൂമി പ്രത്യക്ഷ ത്തിൽ ബാധിക്കുന്നു. | 1. 23-09-2015-ലെ 485/15/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കങ്കത നയത്തിന നുസരിച്ച് ഭൂഉടമകളു മായി ചർച്ചനടത്തി നില വിലെ കമ്പോളവില ലഭ്യ മാക്കുന്നതിനുള്ള സാഹ ചര്യമൊരുക്കുക. |
| 2 | ഉപജീവനസാദ്ധ്യ തകൾ നഷ്ടപ്പെ ടുന്നത് | | 29-12-2017 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക. |
| 3 | ഉൽപ്പാദനക്ഷമ മായ ആസ്തി കൾ നഷ്ടപ്പെടു ത്തുന്നത്. | വൻതോതിൽ കായ്ഫലമുള്ള വൃക്ഷങ്ങളും, പുരയിടങ്ങളും നഷ്ടപ്പെടുന്നു. | നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും, പുനരധിവാസത്തി നും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളു മനുസരിച്ചുള്ള നഷ്ടപരിഹാരം നിർമ്മാണപ്രവർത്തികൾ നട ക്കുന്നതിനോടൊപ്പംതന്നെ പുനഃസ്ഥാപനവും നടത്തുക. |
| 4 | പൊതുഉപ യോഗ മുതലുകൾ നഷ്ടപ്പെടുന്നത് | ശുദ്ധജലവിതരണം പൈപ്പുകൾ, ജലമാലിന്യ നിർഗ്ഗമന മാർഗ്ഗ ങ്ങൾ, വൈദ്യുതി. | |

## അദ്ധ്യായം - 8

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

നിർദ്ദിഷ്ട പദ്ധതി 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, നഷ്ടപരിഹാരത്തിനുമുള്ള, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള പൊതു ആവശ്യമെന്ന ശീർഷകത്തിൽ വരുന്നത്ണ്. കാലാകാലങ്ങളായി ഭൂമിയും വസ്തുവകകളും കൈവശംവച്ചും ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമിക ആഘാത ബാധിതരും ഭൂമിയുടെയും നിർമ്മിതികളുടെയും ഉടമസ്ഥരുമായ വ്യക്തികളും, കുടുംബങ്ങളുമാണ് കൈവശം വച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ തൊഴിൽ എടുക്കുന്നവരെല്ലാംതന്നെ ആഘാതബാധിതരാകുന്നു എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിന്റെ 2013 ലെ നിയമങ്ങളും അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യപ്രത്യാഘാതങ്ങൾ പരമാവധി കുറയ്ക്കാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് 26 ഭൂഉടമകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുമാണുള്ളത്.

## അദ്ധ്യായം - 9

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

## സ്ഥാപന ഘടനയും പ്രധാന വ്യക്തികളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ, പദ്ധതി പ്രദേശത്തെ ഭൂമി ഏറ്റെടുക്കൽവഴി ബാധിതരായ വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ള പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തികളെ ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണമെന്ന് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥചെയ്യുന്നത്. ഇതിൻപ്രകാരം നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും പുനരധിവാസ, പുനഃസ്ഥാപന കമ്മിഷണറുടെയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർദ്ദേശങ്ങളനുസരിച്ച് പുനരധിവാസ പുനഃസ്ഥാപന പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്നും ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

മേൽപറഞ്ഞപ്രകാരം 2013-ലെ നിയമം അനുശാസിക്കുന്ന രീതിയിൽ അനുയോജ്യമായ നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള ആഘാത ലഘൂകരണ മാർഗ്ഗങ്ങളിലൂടെ ടി പദ്ധതിക്കായി പുനരധിവാസകേന്ദ്രം നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമി പ്രയാസങ്ങളും എതിർപ്പുകളും പരമാവധി ലഘൂകരിച്ചുകൊണ്ട് ഏറ്റെടുക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന സർക്കാർ 2015 സെപ്റ്റംബർ 23ലെ ഉത്തരവ് (എം. എസ്) നമ്പർ 485/15/ആർ. ഡി. സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ സുതാര്യതയ്ക്കായുള്ള നയം എന്നിവ സുപ്രധാന രേഖകളാണ്.

എല്ലാ ജില്ലകളിലും ന്യായവില, പുനരധിവാസ, പുനഃസ്ഥാപന കമ്മിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വേഗത കൂട്ടാനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുംവേണ്ടി ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനഃസ്ഥാപനം), ലാന്റ് അക്വുസിഷൻ ഓഫീസർ, ഫിനാൻ ഓഫീസർ, അർദ്ധനാധികാരി, പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധി തുടങ്ങിയവർ അംഗങ്ങളായ സമിധി മേൽനോട്ടംവഹിക്കുന്നു.

## അദ്ധ്യായം - 10

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

2013-ലെ എൽ. എ. ആർ. ആർ. ആക്ട് അനുസരിച്ച് ആർ. ശീ. ആർ. എഫ്. സി. റ്റി. പ്രകാരമുള്ള നഷ്ടപരിഹാരം ഭൂഉടമകൾക്ക് നൽകിയോ എന്നും ന്യാമായ നഷ്ടപരിഹാരം ലഭിച്ചോ എന്നുള്ളതും നിരീക്ഷിക്കുകയും അവലോകനം നടത്തുകയും വേണം.

## അദ്ധ്യായം - 11

# വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്ന തിനുള്ള ശുപാർശകളും

നിർദ്ദിഷ്ട പദ്ധതിപ്രദേശം വിവിധ വ്യക്തികൾ താമസത്തിന് ഉപയോഗിച്ച് വരുന്നതുമാണ്.

ഈ പദ്ധതിയുടെ നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കുന്നതിലുള്ള ആഘാതം ന്യായീകരിക്കാവുന്നതേയുള്ളൂ.

പൊതുജനങ്ങൾക്ക് നേട്ടങ്ങളും അവരുടെ താൽപര്യവും കണക്കിലെടുത്ത് ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണം.

### 11.1 പ്രധാന കണ്ടെത്തലുകൾ

- എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ കണ്ടെത്തൽ പ്രകാരം പദ്ധതിപ്രദേശത്ത് 26 സ്വകാര്യ ഭൂഉടമകളും,
- ഭൂരിഭാഗം ഭൂമിയും പാരമ്പര്യമായി കൈമാറിവന്നവയാണ്.

## 11.2 എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

പദ്ധതി ബാധിത കുടുംബങ്ങൾക്ക് അർഹമായ പുനരധിവാസവും ഭൂഉടമകൾക്ക് ന്യായമായ നഷ്ടപരിഹാരവും ഉറപ്പുവരുത്തേണ്ടതാണ്.

ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടത് പ്രദേശവാസികൾക്കും,സർക്കാർ കോളേജിന്റെ വികസനത്തിനും അത്യന്താപേക്ഷിതമാണ്.

# ഭൂമി ബാധിക്കുന്നവരുടെ വിവരങ്ങൾ

| ക്രമനമ്പർ | ഉടമയുടെ പേര്, മേൽവിലാസം, ഫോൺ | സർവ്വേ നമ്പർ തണ്ടപ്പേര് | വിസ്തീർണ്ണം |
|---|---|---|---|
| 1 | ജി. ശശി<br>കല്ലുവിള, മൃദുല ഭവൻ, കഴുവൂർ ദേശം<br>Ph: 8086640855 | 197/1<br>2745 | 2 ആർ 63 Sqm |
| 2 | ശിവകല .എം. എസ്<br>മൃദുല ഭവൻ, കഴുവൂർ ദേശം<br>Ph: 9496816625 | 197/1-1<br>197/13-1<br>25107 | 2 ആർ 56 Sqm |
| 3 | മനുമോഹൻ<br>ശിവകല എം. എസ്<br>മൃദുല ഭവൻ , കഴുവൂർ ദേശം<br>Ph: 9496816625 | 197/23<br>18603 | 4 ആർ 32 Sqm |
| 4 | ശിവലാൽ .എം. എസ്<br>മൃദുല ഭവൻ, കല്ലുവിള, കഴിവൂർ ദേശം<br>Ph: 9961128853 | 197/1-2<br>197/13-3<br>25109 | 5 ആർ 26 Sqm<br>1 ആർ 22 Sqm |
| 5 | രാജൻ .കെ<br>കിഴക്കതിൽ പുത്തൻവീട്<br>കഴിവൂർ ദേശം<br>Ph: 9633345750 | 197/10<br>14168 | 3 ആർ |
| 6 | സി. രാമചന്ദ്രൻ<br>പി. വൽസമ്മ<br>കല്ലുവിള വീട്, കഴുവൂർ ദേശം<br>Ph: 9747135120 | 197/11<br>2753 | 1 ആർ 26 Sqm |
| 7 | ശ്രീകുമാർ<br>ബിന്ദു<br>കല്ലുവിള വീട്, കഴുവൂർ ദേശം<br>Ph: 9526327843 | 197/11-1<br>19527 | 3 ആർ 24 Sqm |
| 8 | ഗോപകുമാർ<br>ബേബി<br>കല്ലുവിള വീട്, കഴുവൂർ ദേശം<br>Ph: 8086264629 | 197/12<br>27516 | 4 ആർ 80 Sqm |
| 9 | സി. മൃദുലാദേവി<br>കല്ലുവിള വീട്, കഴുവൂർ ദേശം<br>Ph: 8086640855 | 197/13<br>2755 | 21 Sqm |
| 10 | ശിവപ്രസാദ്. എം. എസ്<br>മൃദുല ഭാവൻ<br>കല്ലുവിള , കഴുവൂർ ദേശം<br>Ph: 8921267131 | 197/13-2<br>25108 | 6 ആർ 37 Sqm |

| | | | |
|---|---|---|---|
| 11 | എ. പി. സുധീർ<br>കെ. എസ്. സ്മിത<br>കല്ലുവിള പുത്തൻവീട്ടിൽ<br>കഴുവൂർ ദേശം<br>Ph: 9061799393 | 198/2<br>16195 | 16 ആർ 18 Sqm |
| 12 | എസ്. എൽ. ഷാലിഷ് പ്രേം<br>കെ. എസ്. സുബിത<br>തേരിവിള പുത്തൻവീട്<br>Ph: 9061799393 | 198/2-1<br>15544 | 10 ആർ 12 Sqm |
| 13 | പ്രശാന്ത് ആർ. എസ്<br>സിതാര<br>വിളയിൽവീട്<br>Ph: 9446385745 | 198/3<br>198/8<br>11980 | 17 ആർ 10 Sqm<br>23 ആർ 50 Sqm |
| 14 | ശ്രീനിവാസൻ<br>വിൽഫ്രഡ് ജോൺ<br>ശ്രീ ഭഗീരധം, ചിറയിൻകീഴ്<br>Ph: 9946988717<br>9400468738 | 198/4<br>198/6<br>198/11-1-1<br>24334<br>25658 | 1 ആർ 28 Sqm<br>3 ആർ 1 Sqm<br>76 Sqm |
| 15 | ആഷാദ്<br>സൗമ്യ . വി<br>പുനക്കാട്, തിരുപുറം<br>Ph: 9895599654<br>9400468738 | 198/4-1<br>198/11-1-1-1<br>27284 | 1 ആർ 57 Sqm<br>86 Sqm |
| 16 | പ്രസന്നകുമാരി<br>രാജ് നിവാസ്<br>തടത്തികുളം<br>Ph: 9447401734 | 198/7<br>22770 | 11 ആർ 65 Sqm |
| 17 | ജ്യോതിരാജ് .കെ<br>സുനിത<br>കല്ലുവിള പുത്തൻവീട്<br>Ph: 9496429539<br>6238607802 | 198/9-1<br>12393 | 8 ആർ 15 Sqm |
| 18 | പി. രാജേശ്വരി<br>കഴുവൂർ ദേശം, ചീനിവിള<br>Ph: 9995478401<br>8848804040 | 198/10<br>11202 | 5 ആർ 65 Sqm |
| 19 | ആര്യ എസ്. അജി<br>അജികുമാർ<br>സ്റ്റാർ ഭവൻ, തിരുപുറം.<br>Ph: 9447587528 | 198/11<br>198/13<br>26685 | 7 ആർ 8 Sqm<br>2 ആർ 20 Sqm |

| | | | |
|---|---|---|---|
| 20 | മേരി അനിത<br>അലക്സ് ഭവൻ<br>Ph: 7403798787 | 198/12<br>11268 | 2 ആർ 75 Sqm |
| 21 | കുട്ടപ്പൻ<br>അമ്പിളി . എസ്<br>കല്ലുവിള പുത്തൻ വീട്<br>Ph: 6282988037 | 197/14<br>8851 | 1 ആർ 33 Sqm |
| 22 | അജീഷ് കുമാർ<br>കല്ലുവിള പുത്തൻവീട്, കാഞ്ഞിരംകുളം<br>Ph: 9633156100 | 197/14-1<br>23991 | 1 ആർ 62 Sqm |
| 23 | സി. കൃഷ്ണൻ<br>പൊട്ടക്കുളം വീട്, കഴുവൂർ<br>Ph: 9446176008 | 215/10<br>22962 | 3 ആർ 90 Sqm |
| 24 | ബൈജു .പി<br>കല്ലുവിള പുത്തൻവീട്, കഴുവൂർ ദേശം<br>Ph: 9496449630 | 215/24<br>21430 | 4 ആർ 60 Sqm |
| 25 | ബൈജു .പി<br>ഷീന .കെ<br>കല്ലുവിള പുത്തൻവീട്, കഴുവൂർ ദേശം<br>Ph: 9496449630 | 215/25<br>22127 | 4 ആർ 5 Sqm |
| 26 | സജു .പി<br>കല്ലുവിള പുത്തൻവീട്, കാഞ്ഞിരംകുളം<br>Ph: 9746009630 | 215/25-1<br>22076 | 4 ആർ 75 Sqm |